ഇ.എഫ്.എൽ. നിയമം-റവന്യൂ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കൽ

132(3054) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇ.എഫ്.എൽ. നിയമംമൂലം എത്ര ഹെക്ടർ വിസ്തൃതി റവന്യൂ ഭൂമിയാണ് ചെറുകിട കർഷകരിൽനിന്ന് സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം നിക്ഷിപ്തമാക്കിയ ഭൂമി ചെറുകിട കർഷകർക്ക് തിരികെ നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ആർ.ഒ.ആർ. സമ്പ്രദായം

133(3055) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ താലൂക്ക് ഓഫീസിൽ (ആലത്തൂർ, വടക്കഞ്ചേരി സബ് രജിസ്ട്രാർ ഓഫീസുകളുടെ പരിധിയിൽ) പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ആർ.ഒ. ആർ. സമ്പ്രദായം നടപ്പിലാക്കിയിട്ട് എത്ര മാസമായി ;

(ബി) ഈ കാലയളവിൽ ഈ സമ്പ്രദായത്തെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത സമ്പ്രദായത്തെക്കുറിച്ച് ഇപ്പോഴത്തെ വിലയിരുത്തൽ എന്താണ് ;

(ഡി) പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ഈ സമ്പ്രദായം തുടരുന്നതിനോ മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനോ റവന്യൂ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) പൊതുജനങ്ങളിൽനിന്നും ഇതുവരെ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത് ; ഇതു പരിഹരിക്കുവാൻ നടപടി സ്വീകരിച്ചോ ?

LIBRARY.ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആലത്തൂർ, വടക്കഞ്ചേരി സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധിയിൽ വരുന്ന 17 വില്ലേജുകളിൽ 15-9-2011 മുതൽ റെലിസ് പദ്ധതിവഴി ആർ.ഒ.ആർ. സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഓൺലൈൻ പോക്ക് വരവ് സംവിധാനം വളരെ നല്ല രീതിയിൽ നടന്നുവരുന്നു. ലഭ്യമായ കണക്ക് പ്രകാരം റെലിസ് പദ്ധതിയിലൂടെ 8-12-2014 വരെ. 24717 ആർ.ഒ.ആർ. വിതരണവും 16081 ഓൺലൈൻ പോക്കുവരവും നടന്നിട്ടുണ്ട്.

(ഡി) ഉണ്ട്. 9 ജില്ലകളിലെ ഇ-സർവ്വെ പൂർത്തിയാക്കിയ 573 വില്ലേജുകളെ സബ് രജിസ്ട്രാർ ഓഫീസുകളുമായി കോർത്തിണക്കി പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്.

(ഇ) ഡേറ്റാബേസിലെ തിരുത്തലുകൾ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപ്പപ്പോൾത്തന്നെ തിരുത്തലുകൾ വരുത്തുകയാണ് ചെയ്യുന്നത്. കൂടാതെ ആലത്തൂർ വില്ലേജിൽ പോക്കുവരവ് അനുവദിക്കാത്തത് സംബന്ധിച്ച് ലഭിച്ച പരാതിയിൽ, കോടതി പരാമർശ പ്രകാരം രജിസ്ട്രേഷൻ നടത്തിയെങ്കിലും പൂർണ്ണകൈമാറ്റാവകാശമില്ലാത്തതിനാൽ പോക്കുവരവ് അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ്

134(3056) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിമുഖേന എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;